# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: ANITHA.C.S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/06/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാനതല 'ഫലവൃക്ഷതൈ നടീൽ' ഉദ്ഘാടന പരിപാടി മുഖ്യമന്ത്രി വി ഡി സതീശൻ നിർവ്വഹിക്കുന്നു. കൃഷി വകുപ്പ് മന്ത്രി ടി സിദ്ധീഖ് ചടങ്ങിന് അദ്ധ്യക്ഷത വഹിക്കുന്നു. തദവസരത്തിൽ "ഓണവിസ്മയം 2026" ഭാഗമായി സെക്രട്ടറിയേറ്റ് അങ്കണത്തിൽ തയ്യാറാക്കുന്ന പച്ചക്കറിത്തോട്ടത്തിന്റെ ഉദ്ഘാടനവും നിർവ്വഹിക്കുന്നു. പ്രസ്തുത ഉദ്ഘാടന പരിപാടിയിൽ വിവിധ വകുപ്പ് മന്ത്രിമാർ, എം.എൽ.എ.മാർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കുന്നു.

2. **നെല്ലുസംഭരണം സപ്ലൈകോ രജിസ്ട്രേഷൻ ജൂൺ മൂന്നുവരെ നീട്ടി**

രണ്ടാംവിള നെല്ലുസംഭരണത്തിനായി കർഷകർക്ക് ജൂൺ മൂന്നുവരെ രജിസ്റ്റർ ചെയ്യാം. നിശ്ചിത സമയപരിധിയായ മാർച്ച് 31-നകം വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ സാധിക്കാതിരുന്നവർക്കാണ് അവസരം. ഇതിനായി സപ്ലൈകോ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പാഡി പോർട്ടൽ വീണ്ടും തുറന്നിട്ടുണ്ട്. supplycopaddy.in എന്ന പോർട്ടലിൽ കർഷകർക്ക് രജിസ്ട്രേഷൻ നടപടിക്രമം പൂർത്തീകരിക്കാം.

3. കേന്ദ്ര സർക്കാരിന്റെ എല്ലാവിധ കാർഷിക ആനുകൂല്യങ്ങളും കാലതാമസമില്ലാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി' ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ കർഷകരും ഈ മാസം തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. ആദ്യഘട്ടത്തിൽ കൃഷിഭവനുകൾ വഴിയായിരുന്നു അഗ്രിസ്റ്റാക്കിൽ രജിസ്റ്റർ ചെയ്തിരുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള കർഷകർക്ക് റജിസ്റ്റർ ചെയ്യാം. റജിസ്റ്റർ ചെയ്യുന്നവർക്ക് ഏകീകൃത കർഷക ഐഡി ലഭിക്കും.പ്രസ്തുത ഐഡി ഉണ്ടെങ്കിൽ മാത്രമേ ഭാവിയിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ കർഷക രജിസ്ട്രിയിലെ രജിസ്ട്രേഷൻ എല്ലാ കർഷകരും പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. കർഷകർക്ക് തങ്ങളുടെ ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഭൂമിയുടെ രേഖകൾ (കരമടച്ച രസീത്/ പോക്കുവരവ് രേഖകൾ) എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററുകൾ അല്ലെങ്കിൽ കൃഷിഭവനുകൾ വഴി ഫാർമർ ഐഡി ക്ക് വേണ്ടി രജിസ്റ്റർ ചെയ്യാം. തുടർന്ന് റവന്യൂ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷക ഐഡി ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

4. ആനയറ കൃഷി വിൽപ്പനകേന്ദ്രത്തിൽ ഗുണനിലവാരമുള്ള സങ്കര ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിൽപ്പനക്ക് എത്തിയിട്ടുണ്ട്. DxT തെങ്ങിൻ തൈ ഒന്നിന് 250 രൂപ നിരക്കിലും കുറ്റ്യാടി നാടൻ തൈകൾ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9746692422 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതിയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു സീനിയർ റിസെർച്ച് ഫെല്ലോ (എസ്. ആർ. എഫ്.) യ്ക്കു വേണ്ടി 2026, ജൂൺ 04-ാം തിയതി ഒരു എഴുത്ത് പരീക്ഷയും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം 31.03.2027 വരെ. ഉയർന്ന പ്രായ പരിധി ജൂൺ 04 ന് പുരുഷന്മാർ 35, സ്ത്രീകൾ 40 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). ICAR അംഗീകരിച്ച ഒരു കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രിക്കൾച്ചർ ഹോർട്ടിക്കൾച്ചർ എന്നിവയിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത. ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലോ കെ.വി.കെ.യിലോ നടപ്പിലാക്കിയ കാർഷിക മേഖലയിലെ പദ്ധതികളിൽ പരിചയം, ഇരുചക്ര വാഹന ഡ്രൈവിങ്ങിൽ ഉള്ള പരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പരിജ്ഞാനം എന്നിവ അഭികാമ്യം. പ്രതിമാസ ഫെല്ലോഷിപ്പ് 37000/- രൂപ + HRA കൂടുതൽ വിവരങ്ങൾക്ക് www.cpcri.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 0479-2959268, 2449268, 9447790268 എന്നിവയിൽ ഏതെങ്കിലും ഒരു ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

## പരിശീലന പരിപാടി

6. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER' (CAITT) ഈ മാസം വിവിധ വിഷയങ്ങളിൽ ഏകദിന പരിശീലനങ്ങൾ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ക്ലാസ്സിനും രജിസ്ട്രേഷൻ ഫീസ് 500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക. ഈ മാസം 09 ന് തെങ്ങുകൃഷി : നടീലും പരിപാലന രീതികളും, 12 ന് പഴങ്ങളുടെ ശാസ്ത്രീയ സംസ്കരണം, 18ന് ശാസ്ത്രീയ പച്ചക്കറി കൃഷി, 23 ന് കൂൺ കൃഷി, 27ന് വാണിജ്യ പുഷ്പകൃഷി രീതികൾ എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

## 7. കാർഷിക നിർദേശം

ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്തു ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ട്രൈക്കോഡർമയുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം തടത്തിൽ ഇട്ടുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം